# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm-31/2024** *രേവതി ഞാറ്റുവേല* **തീയതി: 16.04.2024 മേടം 03**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (11/04/24- 15/04/24) | കാലാവസ്ഥ പ്രവചനം (17/04/24-21/04/24) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 37.6 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 22.7 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 58 -നും 93 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ മഴ 63.8 mm ലഭിച്ചു | 16, 17 തീയതികളിൽ കോട്ടയം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിനും മഴയ്ക്കും സാധ്യതയുണ്ട്. 18 മുതൽ 20 വരെ തീയതികളിൽ 30-40 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. പരമാവധി താപനില 37$^{0}$C. ആയിരിക്കും. താപനില 26.0 C മുതൽ 37.0 C വരെ ആകാൻ സാധ്യത. അന്തരീക്ഷ ആർദ്രത 58% നും 93% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | **താപനില കൂടുന്ന സാഹചര്യത്തിൽ കർഷകരും കർഷക തൊഴിലാളികളും ജാഗ്രത പാലിക്കുക. ധാരാളം വെള്ളം കുടിക്കുക. ഉച്ചയ്ക്ക് 12 മണി മുതൽ വൈകിട്ട് 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെ ശ്രദ്ധിക്കുക. വിളകൾക്ക് ജലസേചനം തുടരുക.** |
| **നെല്ല്** | വളർച്ചാ ഘട്ടം | നെല്ലിൽ തണ്ടുതുരപ്പനേയും ഇലചുരുട്ടി പുഴുവിനേയും നിയന്ത്രിക്കാൻ ട്രൈക്കോകാർഡുകൾ 2 സിസി ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. കാർഡുകൾ കീറി ഒരു ഭാഗം 5 സെന്റിന് എന്ന തോതിൽ മഴ നനയാതെ പാടത്തു ഉറപ്പിക്കേണ്ടതാണ് |
| **തെങ്ങ്** | സീഡിംഗ് ഘട്ടം | മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗ് നു എതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. പരാഗണം നടക്കുന്ന പൂകുലയിൽ കീടനാശിനി വീഴരുത് |
| **വാഴ** | വളർച്ചാ ഘട്ടം | നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക , ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം, അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസഫൻ 6G 20 ഗ്രാം ചേർത്ത കൊടുക്കാം |
| **പടവലം** | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ പടവലത്തിൽ ഇലചുരുട്ടിപുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന്സാധ്യതയുണ്ട് |
| **മാവ്** | സീഡിംഗ് ഘട്ടം | മാവിൽ കായീച്ചയുടെ ആക്രമണത്തിന് സാധ്യതയുണ്ട്. മണ്ണിലാണ് ഇവയുടെ സമാധി പൂർത്തിയാക്കുക.അതുകൊണ്ടു പുഴുക്കുത്തേറ്റു നിലത്തു വീഴുന്ന മാങ്ങകൾ പെറുക്കി നശിപ്പിക്കുക ആക്രമണം രൂക്ഷമായാൽ 20 ml മാലത്തയോൺ 10 ലിറ്റർ വെള്ളത്തിൽ അൽപ്പം പഞ്ചസാരയും ചേർത്ത് മാങ്ങാ വളർന്നു തൂങ്ങുന്നതോടെ തളിച്ചുകൊടുക്കുക. |